# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 20

## വാർത്താക്കുറിപ്പ് – 1

---

## ഉന്നതവിദ്യാഭ്യാസമന്ത്രിയുടെ ഫയൽ അദാലത്തിന് 22ന് എം.ജി. സർവകലാശാലയിൽ തുടക്കം

കേരളത്തിലെ ആറ് സർവകലാശാലകളിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ. കെ.ടി. ജലീൽ നടത്തുന്ന ഫയൽ അദാലത്തിന് ഫെബ്രുവരി 22ന് മഹാത്മാഗാന്ധി സർവകലാശാലയിൽ തുടക്കമാകും.

'അദാലത്ത് -പരാതിപരിഹാര ഉന്നതവിദ്യാഭ്യാസ വകുപ്പിനായി' എന്ന പേരിലുള്ള അദാലത്തിൽ വിദ്യാർഥികളും അധ്യാപകരും പ്രിൻസിപ്പൽമാരും മാനേജർമാരും മുമ്പ് നൽകിയ അപേക്ഷകളും പരാതികളുമാണ് പരിഗണിക്കുക. വിദ്യാർഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിയുടെ അധ്യക്ഷതയിൽ അദാലത്തുകൾ നടത്തിയിട്ടുണ്ടെങ്കിലും ഇതാദ്യമായാണ് അധ്യാപകരിൽനിന്നും പ്രിൻസിപ്പൽമാരിൽനിന്നും മാനേജർമാരിൽനിന്നും അപേക്ഷ സ്വീകരിച്ച് വിപുലമായ രീതിയിൽ അദാലത്ത് നടത്തുന്നത്.

മഹാത്മാഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ ഫെബ്രുവരി 22ന് രാവിലെ ഒമ്പതിന് ഫയൽ അദാലത്ത് മന്ത്രി ഡോ. കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പ്രസംഗിക്കും. സിൻഡിക്കേറ്റംഗങ്ങൾ പങ്കെടുക്കും. അദാലത്തിനായി വിപുലമായ ക്രമീകരണം ഒരുക്കിയിട്ടുണ്ട്. അപേക്ഷ നൽകിയവർക്ക് അദാലത്തിൽ പങ്കെടുക്കാം. അപേക്ഷകർക്കായി പ്രത്യേക കൗണ്ടറുകൾ സജ്ജമാക്കും. അദാലത്ത് ദിവസം ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കും. പുതിയ അപേക്ഷ സ്വീകരിക്കുന്നതിനായി പ്രത്യേക കൗണ്ടർ തുറക്കും. പുതുതായി ലഭിക്കുന്ന അപേക്ഷയുടെ സ്വഭാവമനുസരിച്ച് തീർപ്പാക്കും.

എം.ജി. സർവകലാശാല അദാലത്തിലേക്ക് ഫെബ്രുവരി 11 വരെ വെബ്സൈറ്റിലൂടെ ഓൺലൈനായി പരാതി നൽകാൻ സംവിധാനമൊരുക്കിയിരുന്നു. 230 അപേക്ഷകളാണ് ലഭിച്ചത്. 172 വിദ്യാർഥികളും 38 അധ്യാപകരും 17 പ്രിൻസിപ്പൽമാരും മൂന്ന് മാനേജർമാരുമാണ് അപേക്ഷ നൽകിയിട്ടുള്ളത്. ഇരട്ടിപ്പ് ഒഴിവാക്കിയപ്പോൾ ലഭിച്ച 204 അപേക്ഷകൾ തീർപ്പാക്കുന്നതിനായി ലഭിച്ച ദിവസം മുതൽതന്നെ വിവിധ സെക്ഷനുകളിലേക്ക് നൽകുകയും നടപടികൾ അന്തിമഘട്ടത്തിലുമാണ്. അദാലത്തിലെത്തുന്ന പരാതികൾ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനുമായി പ്രത്യേക സെൽ രൂപീകരിച്ചിരുന്നു. അദാലത്ത് സമിതി അപേക്ഷകളുടെ പുരോഗതി എല്ലാ ദിവസവും വിലയിരുത്തിയിരുന്നു. പരാതികൾ പരിഗണിക്കുന്നതിനായി സർവകലാശാല സിൻഡിക്കേറ്റ് ഉപസമിതി കൺവീനർമാരടങ്ങുന്ന നിർവ്വാഹകസമിതി യോഗം ഫെബ്രുവരി 21ന് കൂടും.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ഫെബ്രുവരി 25നും കേരള സർവകലാശാലയിൽ ഫെബ്രുവരി 26നും എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവകലാശാലയിൽ ഫെബ്രുവരി 27നും കാലിക്കറ്റ് സർവകലാശാലയിൽ മാർച്ച് രണ്ടിനും കണ്ണൂർ സർവകലാശാലയിൽ മാർച്ച് എട്ടിനും ഉന്നതവിദ്യാഭ്യാസ മന്ത്രി അദാലത്ത് നടത്തും.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ.ഒ./39/340/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 20

# വാർത്താക്കുറിപ്പ് – 2

---

**പുതുക്കിയ പരീക്ഷ തീയതി**

ഫെബ്രുവരി 18ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 21ന് നടക്കും. ഫെബ്രുവരി 18ന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്താനിരുന്ന അഞ്ചാം വർഷ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 22ന് നടക്കും. ഫെബ്രുവരി 18ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.എച്ച്.എം. (2015 അഡ്മിഷൻ റഗുലർ/2013, 2014 അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.ബി.എ. ടൈം (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 22, 25 തീയതികളിൽ നടക്കും. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/341/2019)

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 21 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/342/2019)

**എം.ഫിൽ പ്രവേശന പരീക്ഷ ഫെബ്രുവരി 28ന്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ 2018-19 വർഷത്തെ എം.ഫിൽ മലയാളം, ഇംഗ്ലീഷ്, തിയേറ്റർ ആർട്സ് വിഷയങ്ങളിലെ പ്രവേശന പരീക്ഷ ഫെബ്രുവരി 28ന് പഠനവകുപ്പിൽ നടക്കും. തുടർന്ന് അഭിമുഖവും നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731041.

(പി.ആർ.ഒ./39/343/2019)

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ എം.ഫിൽ ബയോസയൻസസ് പ്രോഗ്രാമിൽ പട്ടികവർഗ (എസ്.ടി.) വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.എസ്‌സി. ബയോടെക്നോളജി/ ബയോകെമിസ്ട്രി/ മൈക്രോബയോളജി/ ബയോഫിസിക്സ് അടിസ്ഥാനയോഗ്യതയുള്ള അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 22ന് രാവിലെ 10ന് പഠനവകുപ്പിൽ എത്തണം.

(പി.ആർ.ഒ./39/344/2019)

**എം.ജി. പരീക്ഷാ നടത്തിപ്പ് ആധുനികവൽക്കരണം;**

**ജീവനക്കാർക്ക് പരിശീലനം നൽകി**

പരീക്ഷ നടത്തിപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളുടെ പരീക്ഷ നടത്തിപ്പ് ചുമതലയുള്ള അധ്യാപകർക്കും അനധ്യാപകർക്കും പരിശീലനം നൽകി. മൂല്യനിർണയത്തിനായി രജിസ്ട്രേഷൻ നമ്പരിന് പകരം ഫാൾസ് നമ്പർ നൽകുന്നതിന് എക്സാമിനേഷൻ ഫാൾസ് നമ്പർ മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തും.

ഇലക്ട്രോണിക് രീതിയിൽ ഫാൾസ് നമ്പർ റീഡ് ചെയ്യുന്ന സ്റ്റിക്കർ പരീക്ഷാഹാളിൽവച്ച് തന്നെ ഉത്തരക്കടലാസിൽ പതിക്കും. ഫാൾസ് നമ്പർ മാപ്പിംഗ് പരീക്ഷാഹാളിൽത്തന്നെ നടക്കും.

ഉത്തരക്കടലാസുകൾക്ക് ഫാൾസ് നമ്പർ നൽകൽ ഏറെ സമയമെടുത്തിരുന്നു. എക്സാമിനേഷൻ ഫാൾസ് നമ്പർ മാനേജ്മെന്റ് സംവിധാനത്തിലൂടെ ഇത് അനായാസമാകുകയും മൂല്യനിർണയം വേഗത്തിലാക്കാൻ സഹായകമാവുകയും ചെയ്യും. സർവകലാശാല അസംബ്ലിഹാളിൽ നടന്ന പരിശീലനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പരീക്ഷാ നടത്തിപ്പിന് ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നത് സേവന നിലവാരവും വേഗവും മെച്ചപ്പെടുത്തുമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ചു. പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ ഗിരീഷ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. വിവിധ പരീക്ഷ പോർട്ടലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനത്തിന് സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ എസ്. മജേഷ് നേതൃത്വം നൽകി. പരീക്ഷാ നടത്തിപ്പിൽ പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് പരീക്ഷ മോണിറ്ററിംഗ് സെൽ വിഭാഗത്തിലെ ജോയ് മാത്യു വിശദീകരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**പരീക്ഷ നടത്തിപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളുടെ പരീക്ഷ നടത്തിപ്പ് ചുമതലയുള്ള അധ്യാപകർക്കും അനധ്യാപകർക്കും നൽകിയ പരിശീലനം സർവകലാശാല അസംബ്ലിഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/345/2019)

## പ്രിൻസിപ്പൽമാരുടെ യോഗം ഫെബ്രുവരി 23ന്

2019 അക്കാദമിക വർഷത്തിൽ നടക്കാനിരിക്കുന്ന യു.ജി./പി.ജി. പരീക്ഷകളുടെ ഓൺലൈൻ ചോദ്യപേപ്പർ ട്രാൻസാക്ഷൻ/സി.വി. ക്യാമ്പ്/ ടീച്ചേഴ്സ് പോർട്ടൽ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി എല്ലാ അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലേയും പ്രിൻസിപ്പൽമാരുടെ സംയുക്തയോഗം ഫെബ്രുവരി 23ന് നടക്കും. സർവകലാശാല അസംബ്ലി ഹാളിൽ രാവിലെ 10.30നാണ് യോഗം നടക്കുന്നത്. പ്രിൻസിപ്പൽമാർ യോഗത്തിൽ പങ്കെടുക്കണം.

(പി.ആർ.ഒ./39/346/2019)

## ഇന്റർനാഷണൽ കോൺഫ്‌ളുവെൻസ് ഫെബ്രുവരി 22ന്

യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 22ന് അന്തർദ്ദേശീയ വിദ്യാർഥി/ഗവേഷക സംഗമം സർവകലാശാല കാമ്പസിൽ നടക്കും. 25 രാജ്യങ്ങളുടെ തനതായ ചരിത്ര, സാംസ്കാരിക, വിദ്യാഭ്യാസ, ടൂറിസം സാധ്യതകളെക്കുറിച്ചു നടക്കുന്ന സംഗമം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ് ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് ന്യൂഡൽഹി ഡപ്യൂട്ടി ഡയറക്ടർ നമ്രത എസ്. കുമാർ മുഖ്യ പ്രഭാഷണം നടത്തും. റീജണൽ ഓഫീസർ മധുർകങ്കണ റോയി, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. എ.എം. തോമസ്, പ്രൊഫ. കെ.എം. സീതി, ഡോ. സി. വിനോദൻ, ഡോ. സജിമോൻ ഏബ്രഹാം എന്നിവർ പങ്കെടുക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 9446224240.

(പി.ആർ.ഒ./39/347/2019)

## കോളേജുകളിൽ ഇന്ന് (ഫെബ്രുവരി 21) മാതൃഭാഷ പ്രതിജ്ഞ

ലോക മാതൃഭാഷാദിനമായ ഇന്ന് (ഫെബ്രുവരി 21) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലും പഠനവകുപ്പുകളിലും അധ്യാപകരും വിദ്യാർഥികളും മാതൃഭാഷാ പ്രതിജ്ഞയെടുക്കും. ഇതിനാവശ്യമായ നടപടികൾ സ്ഥാപന മേധാവികൾ കൈക്കൊള്ളണമെന്ന് രജിസ്ട്രാർ അറിയിച്ചു.

മാതൃഭാഷ പ്രതിജ്ഞ: 'മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്

എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്
ഏത് നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻ തന്നെയാണ്

(പി.ആർ.ഒ./39/348/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ